(ബി) സംസ്ഥാനത്തെ ജനസംഖ്യയുടെ അടിസ്ഥാനത്തിൽ ഒരാളിന്റെ ശരാശരി ഉപഭോഗം ഏകദേശം 168 മില്ലി ലിറ്ററാണ്.

(സി) നവവത്സരദിനം ഉൾപ്പെടെ എല്ലാ മാസവും ഒന്നാം തീയതി മദ്യ വില്പന ശാലകൾ നിലവിൽ പ്രവർത്തിക്കുന്നില്ല. മദ്യം ഏറ്റവും കൂടുതൽ ഉപയോഗിക്കുന്ന സന്ദർഭങ്ങളിൽ നിയമവിധേയമായ മദ്യം ലഭ്യമല്ലാതിരുന്നാൽ അനധികൃതമദ്യം മാത്രം ചെലവാവുകയും മദ്യ ദുരന്തങ്ങളുണ്ടാവുകയും ചെയ്യാൻ സാദ്ധ്യതയുണ്ട്. അതിനാൽ ഇക്കാര്യം പ്രായോഗികമല്ല.

ബിവറേജസ് കോർപ്പറേഷന്റെ വിദേശമദ്യ വില്പനയിൽ നിന്നുള്ള വരുമാനം

60 [343] ശ്രീ. കെ. കെ. ജയചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ബിവറേജസ് കോർപ്പറേഷന്റെ കീഴിൽ ഇപ്പോൾ എത്ര വില്പന കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നു;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പുതുതായി എത്ര വില്പന കേന്ദ്രങ്ങൾ ആരംഭിച്ചിട്ടുണ്ട്;

(സി) ബിവറേജസ് കോർപ്പറേഷൻ 2001-2002, 2002-2003, 2003-2004 എന്നീ വർഷങ്ങളിൽ യഥാക്രമം എത്ര തുകയുടെ മദ്യ വില്പനയാണ് നടത്തിയിട്ടുള്ളത്;

(ഡി) പ്രസ്തുത വർഷങ്ങളിൽ കോർപ്പറേഷനുണ്ടായ വരുമാനം എത്രയാണെന്ന് കാണിക്കുന്ന സ്റ്റേറ്റ്മെന്റ് ലഭ്യമാക്കുമോ;

(ഇ) ഇതേ കാലയളവിൽ ഡ്യൂട്ടിയിനത്തിലും വിൽപ്പന നികുതി ഇനത്തിലും ലഭിച്ച തുക എത്ര വീതമെന്ന് അറിയിക്കാമോ?

ഉത്തരം

(എ) 305 എണ്ണം.

(ബി) 106 എണ്ണം.

(സി) അനുബന്ധം ആയി ചേർത്തിട്ടുണ്ട്.†

(ഡി) അനുബന്ധം ആയി ചേർത്തിട്ടുണ്ട്.††

(ഇ) അനുബന്ധം ആയി ചേർത്തിട്ടുണ്ട്.††

†അനുബന്ധം V

††അനുബന്ധം V A

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം V

[21-1-2004-ാം തീയതിയിലെ നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം 60 (343)-ന്റെ ഉത്തരം ദയവായി കാണുക]

സംസ്ഥാന ബിവറേജസ് കോർപ്പറേഷൻ കഴിഞ്ഞ 3 വർഷങ്ങളിൽ നടത്തിയ മദ്യവ്യാപാരത്തിന്റെ കണക്ക്

വർഷം	തുക (കോടിയിൽ)
2001-02	1694.82
2002-03	1847.40
2003-04 (ഏപ്രിൽ മുതൽ ഡിസംബർ വരെ)	1527.20

അനുബന്ധം VA

[21-1-2004-ാം തീയതിയിലെ നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം 60 (343)-ന്റെ ഉത്തരം ദയവായി കാണുക]

Revenue Contribution

(Rupees in crores)	2001-02	2002-03	2003-04 Apr-Dec.
Sales Tax	784.59	869.89	712.90
Surcharge	6.83	44.55	71.30
Tot	84.74	92.36	76.36
To Sales Tax Department	876.16	1006.80	860.56
Excise Duty	287.01	308.55	249.49
Import Fee	2.02	2.31	0.98
Vending Fee	10.02	4.09	0.00
Licence Fee	3.50	3.50	3.50
Kist	131.46	142.80	133.15
To Excise Department	434.01	461.25	387.12
Total Contn. to State Exchequer	**1310.17**	**1468.05**	**1247.68**

LIBRARY ARCHIVES Kerala Legislative Assembly

Sales Tax and Excise Duty Details

(Rs. in crores)	2001-02	2002-03	2003-04 Apr-Dec.
Sales Tax	784.59	869.89	712.90
Surcharge	6.83	44.55	71.30
Tot	84.74	92.36	76.36
Excise Duty	287.01	308.55	249.49
Import Fee	2.02	2.31	0.98
Total	**1165.19**	**1317.66**	**1111.03**

അനുബന്ധം VI

[21-1-2004-ാം തീയതിയിലെ നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം 61 (344)-ന്റെ ഉത്തരം ദയവായി കാണുക]

കഴിഞ്ഞ 3 വർഷത്തെ വിദേശമദ്യ വിൽപ്പന

വർഷം	വിൽപ്പന (കേയ്സ് ലക്ഷത്തിൽ)	വളർച്ച (കേയ്സ് ലക്ഷത്തിൽ)
2001-02	92.02	19.93
2002-03	97.08	5.06
2003-04 (ഏപ്രിൽ മുതൽ ഡിസംബർ വരെ)	80.06	5.17

LIBRARY ARCHIVES Kerala Legislative Assembly